LIBRARY ARCHIVES Kerala Legislative Assembly

വൈദ്യുതി കണക്ഷൻ ലഭിക്കാത്ത ചെമ്മീൻ ഫാമുകൾ

108 (4443) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സി.എ.എ ലൈസൻസുള്ള ചെമ്മീൻ ഫാമുകൾക്ക് സി.ആർ.ഇസഡ്- ന്റെ പേരിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ കെട്ടിട നമ്പർ നൽകാത്തതിനാൽ വൈദ്യുതി കണക്ഷൻ ലഭിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ബി) വൈദ്യുതി ലഭിക്കാത്തതുകൊണ്ട് മറ്റ് സംസ്ഥാനങ്ങളിൽ ഉയർന്ന നിലയിൽ ഉദ്പാദനം നടത്തുന്ന എൽ-വനാമി പോലുള്ള ചെമ്മീൻ കൃഷി കേരളത്തിൽ നടത്താൻ സാധിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(സി) ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ സ്വീകരിക്കുമോ ; വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ഇല്ല.

(സി) ബാധകമല്ല.

പുന്നപ്ര ഫിഷ് ലാന്റിംഗ് സെന്റർ

109 (4444) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുന്നപ്ര ഫിഷ്ലാന്റിംഗ് സെന്ററിന്റെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(ബി) ഫിഷ്ലാന്റിംഗ് സെന്ററിന്റെ പ്രവർത്തനം ലേലത്തിലാണോ നൽകുന്നത് ; 2011-12 മുതൽ 2014-15 വരെ ഓരോ വർഷവും എന്തു തുകയ്ക്കാണ് ലേലം നൽകിയതെന്നും ആരാണ് ലേലം പിടിച്ചതെന്നും വ്യക്തമാക്കാമോ ;

(സി) ലേല നടപടികൾ ഗ്രാമപഞ്ചായത്തിനെ അറിയിക്കാറുണ്ടോ ; ലേലം നടന്നില്ലെങ്കിൽ ഇവിടെ പകരം ക്രമീകരണം എങ്ങനെയാണ് ഒരുക്കുന്നതെന്ന് വിശദമാക്കാമോ ;

(ഡി) സൈക്കിൾ, സ്കൂട്ടർ, മുച്ചക്ര വാഹനം, ഹെവി വെഹിക്കിൾ എന്നിവയ്ക്ക് ഫിഷ് ലാന്റിംഗ് സെന്ററിൽ ചാർജ് ഈടാക്കാറുണ്ടോ ; എങ്കിൽ ഇവയുടെ നിരക്കെത്രയാണ് ; വ്യക്തമാക്കാമോ ;

(ഇ) ഇവിടെ പ്രവർത്തനയോഗ്യമായ എത്ര മുറികൾ ഉണ്ടെന്നും പ്രസ്തുത മുറികൾ എന്തിനുവേണ്ടിയാണ് ഉപയോഗിക്കുന്നതെന്നും വ്യക്തമാക്കാമോ ; മുറികളുടെ വാടക എത്ര രൂപയാണ് ;

(എഫ്) പ്രസ്തുത മുറികൾ ഇപ്പോൾ ആരെല്ലാമാണ് കൈവശം വച്ചിരിക്കുന്നത് ; വ്യക്തമാക്കാമോ ;

(ജി) ഇവിടെ ക്യാന്റീൻ പ്രവർത്തനം ആരംഭിക്കുമോ ; ഇതിനായി കുടുംബശ്രീയെ ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പുന്നപ്ര മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രത്തിന്റെ നവീകരണത്തിനായി NFDB പദ്ധതിയിൽ ഉൾപ്പെടുത്തി 16-3-2013-ൽ 247 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും തുടർന്ന് സാങ്കേതികാനുമതി നൽകി ദർഘാസ് നടപടികൾ സ്വീകരിക്കുകയും കരാറിൽ ഏർപ്പെടുകയും നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പുന്നപ്ര ഫിഷ്‌ലാന്റിംഗ് സെന്ററിന്റെ പ്രവർത്തനം ലേലം നടത്തി ടോൾ കളക്ഷനിലൂടെയാണ് നടപ്പാക്കുന്നത് :

വർഷം	തുക	കരാർ എടുത്ത വ്യക്തിയുടെ പേര്
2011-12	1,50,000	രാമകൃഷ്ണൻ, കൊഴിവീട്, പുന്നപ്ര
2012-13	20,660 രൂപ (കരാർ ആനുപാതികമായി നീട്ടി നൽകി)	രാമകൃഷ്ണൻ, കൊഴിവീട്, പുന്നപ്ര
2012-13	6,15,000	ബാബു, കുണ്ടത്തിൽ വീട്, പുന്നപ്ര
2013-14	2,16,500 രൂപ (കരാർ ആനുപാതികമായി നീട്ടി നൽകി)	ബാബു, കുണ്ടത്തിൽ വീട്, പുന്നപ്ര
2013-14	7,15,090	ലിജി ഡി., കുണ്ടശ്ശേരിൽ വീട്, വട്ടച്ചാൽ, ആറാട്ടുപുഴ
2014-15	ഇല്ല	ക്വട്ടേഷൻ ക്ഷണിച്ചുവെങ്കിലും മത്സ്യ വള്ളങ്ങൾ ഇല്ലാത്തതിനാൽ കരാർ ഏറ്റെടുക്കാൻ ആരും തയ്യാറായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) ടോൾ കളക്ഷൻ സംബന്ധിച്ച ലേല പരസ്യവും തീയതിയും പുന്നപ്ര പഞ്ചായത്തിനെയും സമീപ പ്രദേശത്തെ മറ്റ് എല്ലാ പഞ്ചായത്തുകളെയും സമീപത്തെ സർക്കാർ ഓഫീസുകളിൽ പരസ്യം നൽകിയും പത്രപരസ്യം നൽകിയുമാണ് ലേലനടപടികൾ നടത്തുന്നത്. ലേലം നടന്നില്ലെങ്കിൽ നിലവിലുള്ള കരാറുകാരന് കരാർ സമയം ദീർഘിപ്പിച്ചു നൽകും. കരാറുകാരൻ ദീർഘിപ്പിച്ച കരാർ ഏറ്റെടുക്കുവാൻ തയ്യാറാകാത്ത പക്ഷം ഫിഷ്‌ലാന്റിംഗ് സെന്ററിൽ വ്യവഹാരമുണ്ടെങ്കിൽ ഡിപ്പാർട്ടുമെന്റ് ടോൾ പിരിവും പ്രവർത്തനവും നടത്താറുണ്ട്.

(ഡി) സൈക്കിൾ, സ്കൂട്ടർ, മുച്ചക്രവാഹനം, ഹെവി വെഹിക്കിൾ എന്നിവയ്ക്ക് ചാർജ്ജ് ഈടാക്കാറുണ്ട്. നിലവിലുള്ള നിരക്കുകൾ ചുവടെ ചേർക്കുന്നു :

സൈക്കിൾ	3 രൂപ
സ്കൂട്ടർ	6 രൂപ
മുച്ചക്ര വാഹനം	11 രൂപ
ഹെവി വെഹിക്കിൾ സാധാരണ	33 രൂപ
ഹെവി വെഹിക്കിൾ മീൻ ലോഡോടുകൂടി	80 രൂപ
ഹെവി വെഹിക്കിൾ മീൻ ലോഡോടുകൂടി (ചെമ്മീൻ)	500 രൂപ

എന്നാൽ സൈക്കിൾ, സ്കൂട്ടർ എന്നിവയിൽ നിന്നും പലപ്പോഴും പ്രാദേശിക വിഷയങ്ങൾ കാരണം കരാറുകാർ പിരിവ് നടത്താറില്ല.

(ഇ) ഇവിടെ പ്രവർത്തനയോഗ്യമായ 9 ലോക്കർ മുറികളുണ്ട്. ഇത് മത്സ്യ തൊഴിലാളികളുടെ മത്സ്യബന്ധന ഉപകരണങ്ങൾ സൂക്ഷിക്കുന്നതിനായി ഉപയോഗിക്കുന്നു. ഇതിന്റെ വാടക ക്വട്ടേഷൻ/ലേല വ്യവസ്ഥയിൽ ഉയർന്ന തുക രേഖപ്പെടുത്തുന്നത് അനുസരിച്ച് ഓരോ മുറിയും അനുവദിക്കുന്നതാണ്.

(എഫ്) പ്രസ്തുത മുറികൾ ഏറ്റെടുത്ത വ്യക്തികളുടെ സമയപരിധി അവസാനിച്ചതിനാൽ 10-4-2014-ലും 6-4-2015-ലും ക്വട്ടേഷൻ/ലേലം ക്ഷണിച്ചുവെങ്കിലും മത്സ്യവ്യാപാരം തീരെ കുറവായതിനാൽ ആരുംതന്നെ പങ്കെടുത്തില്ല. പുനർലേലം നടത്തുന്നതിനുവേണ്ട നടപടി കൈക്കൊണ്ടുവരുന്നു.

(ജി) NFDB-യിൽ നടപ്പാക്കിവരുന്ന പുനരുദ്ധാരണ പദ്ധതി പൂർത്തീകരിക്കുന്നതോടൊപ്പം ക്യാന്റീൻ ബിൽഡിംഗ് നവീകരിച്ച് കുടുംബശ്രീയോ അതു പോലെയുള്ള സംഘടനകൾ മുഖാന്തരമോ ക്യാന്റീൻ പ്രവർത്തനം ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly